**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **08-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. അത്തരം ചില പദ്ധതികൾ സഹകരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ /വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FPO കൾ പൂർണരൂപത്തിൽ ആരംഭിക്കുമ്പോൾ വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതു സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും വിളവെടുപ്പിന് ശേഷമുണ്ടാകുന്ന നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി വ്യവസായ വകുപ്പും കൃഷി വകുപ്പും സംയുക്തമായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. അത്തരം ചില പദ്ധതികൾ സഹകരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള |

| | | | |
|---|---|---|---|
| | | | സംസ്കരണ /വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ 5 അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. FPO കൾ പൂർണരൂപത്തിൽ ആരംഭിക്കുമ്പോൾ വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്നതു സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ